# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 427 16.05.2017-ൽ മറുപടിയ്ക്ക്.

## ഗ്രാമസഭ വിളിക്കാനുള്ള നീതി ആയോഗിന്റെ നിർദ്ദേശം

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.എ. എൻ. ഷംസീർ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഫെഡറൽ തത്വങ്ങൾക്കു വിരുദ്ധമായി ഗ്രാമസഭ വിളിക്കാൻ നീതിആയോഗ് നേരിട്ട് നിർദ്ദേശം നൽകിയത് സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധികാരത്തിന്മേലുള്ള കടന്നുകയറ്റമായതിനാൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന് ആവശ്യപ്പെടുമോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പ് അപ്രകാരം തീരുമാനമെടുത്തിട്ടില്ല. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാർ നൽകേണ്ട ധനസഹായത്തിന് 14-ാം ധനക്കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ള മുഖ്യവ്യവസ്ഥകൾ എന്തൊക്കെയാണ്; | (ബി) | സംസ്ഥാനങ്ങളിൽ നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ച് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രം തുക ചെലവഴിക്കുക എന്നത് കൂടാതെ കുടിവെള്ള വിതരണം, മാലിന്യ സംസ്കരണം, ഡ്രൈനേജ് സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, റോഡുകളുടെ സംരക്ഷണം, ഫുട്പാത്തുകളുടെ സംരക്ഷണം, തെരുവ് വിളക്ക് പരിപാലനം, ശ്മശാനം എന്നീ മേഖലകൾക്കും 14-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശപ്രകാരമുള്ള ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | നഗരസഭകൾ നൽകുന്ന സേവനത്തിനുള്ള ഫീസ് വർദ്ധിപ്പിക്കണമെന്ന നിർദ്ദേശത്തോടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ നേരിട്ട് ഇടപെടണമെന്ന നിർദ്ദേശത്തോടുമുള്ള പ്രതികരണം അറിയിക്കാമോ? | (സി) | നഗരസഭകൾ നൽകുന്ന സേവനത്തിനുള്ള ഫീസ് വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച പ്രോപ്പോസലുകൾ ഇപ്പോൾ നിലവിലില്ല. ഇക്കാര്യം സർക്കാർ നയപരമായി തീരുമാനിക്കേണ്ട വിഷയമാണ്. |

Saradadevi

**സെക്ഷൻ ഓഫീസർ**